8 -ാം വർഷം
2025
മാർച്ച് 16
നോമ്പ് മൂന്നാം ഞായർ



# Laity Reflect on
## SYRO-MALABAR SUNDAY MASS
## SCRIPTURE READINGS



# ഓടേണ്ട, ഓടേണ്ട, ഓടിത്തളരേണ്ട...

ഉല്പത്തി 7:6-24, ജോഷ്വ 5: 13,6- 1-5, റോമാ 7:14-25, മത്തായി 20:17-28

മത്തായിയുടെ സുവിശേഷം 20 ആം അദ്ധ്യായം 17 മുതൽ 28 വരെയുള്ള വാക്യങ്ങളിൽ ക്രിസ്തുനാഥൻ മൂന്നാമതും തന്റെ മരണത്തെക്കുറിച്ചുള്ള ഒരു സന്ദേശം ശിഷ്യന്മാർക്ക് നൽകുന്നതായി കാണാം. ഇത്തവണ ജെറുസലേമിലേക്കുള്ള യാത്രയിൽ യേശുനാഥൻ തന്റെ 12 ശിഷ്യന്മാരെ മാത്രം കൂട്ടുന്നതായിട്ടാണ് കാണുന്നത്.

യാത്ര തുടങ്ങുമ്പോൾ തന്നെ ഈശോ അവരോട് പറയുന്നത് ഇപ്രകാരമാണ്, "ഇതാ! നമ്മൾ ജറുസലെമിലേക്കുപോകുവാൻ ഒരുങ്ങുകയാണ്. അവിടെ എത്തുമ്പോൾ മനുഷ്യപുത്രൻ പ്രധാന പുരോഹിതൻമാർക്കും നിയമജ്ഞൻമാർക്കും ഏൽപിച്ചു കൊടുക്കപ്പെടും. തുടർന്ന് അവർ അവനെ മരണത്തിനു വിധിക്കുകയും വിജാതീയർക്ക് ഏൽപിച്ചുകൊടുക്കുകയും ചെയ്യും. പ്രധാന പുരോഹിതരും ഫരിസേരും അവനെ പരിഹസിക്കുകയും പ്രഹരിക്കുകയും ക്രൂശിക്കുകയും ചെയ്യും.

എന്നാൽ മൂന്നാം ദിവസം അവൻ എല്ലാ ബന്ധനങ്ങളെയും മറികടന്നുകൊണ്ട് ഉയിർപ്പിക്കപ്പെടും."

## ലളിതമായ വാക്കുകൾ

ഈശോ ശിഷ്യന്മാരോട് വളരെ വ്യക്തമായ ഭാഷയിൽ ഈ കാര്യങ്ങൾ പറയുന്നതിലൂടെ ഉദ്ദേശിക്കുന്നത് തന്റെ ശിഷ്യരാകാനുള്ള വിളി ഓരോരുത്തരും തന്റെ പീഡാനുഭവത്തിൽ പങ്കുചേരുന്നതിനുള്ള വിളിയായിട്ടുകൂടി കരുതണം എന്നുതന്നെയാണ്. ക്രിസ്തുവിനെ അനുഗമിക്കുവാനായി ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിയുടെയും മുമ്പിൽ



ഡോ. കെ സി ബേബി

ഒഴിച്ചുകൂടാനാവാത്ത അനവധി പീഡാനുഭവങ്ങളുമുണ്ടാകുമെന്നുള്ള വ്യക്തമായ സന്ദേശം അവിടുന്നു നൽകുന്നു.

രക്ഷിക്കപ്പെട്ട മനുഷ്യരുടെ ദൈവരാജ്യം സ്ഥാപിക്കാൻ വന്ന ക്രിസ്തു ഇവിടെ സൈന്യങ്ങളെ സംഘടിപ്പിക്കാനുദ്ദേശിച്ചില്ല, പടയോട്ടങ്ങളോ പോരാട്ടങ്ങളോ ആസൂത്രണം ചെയ്തില്ല, പിടിച്ചടക്കാനോ പടുത്തുയർത്താനോ മോഹിച്ചില്ല. മാനുഷീകമായി ചിന്തിച്ചതുകൊണ്ട്, അങ്ങനെയൊക്കെയാകാം രക്ഷ കൈവരിക എന്നു അപ്പസ്തോലന്മാരും അവരുടെ വീട്ടുകാർ പോലും കരുതിയിട്ടുണ്ടാകും. അവരെ ക്രിസ്തു പരിഹസിക്കുന്നില്ല. കാരണം, ലോകത്തിന്റെ രീതികളും ശൈലികളും അതാണ്. ഈ ലൌകികത നിങ്ങളുടെ ഇടയിലേക്കു കടന്നുവരരുത് എന്നു സ്നേഹപൂർവം മുന്നറിയിപ്പു നൽകുകയാണ് അവിടുന്ന്.

രണ്ടായിരം വർഷങ്ങൾക്കു മുമ്പു യജമാനത്വത്തെയും ഒന്നാം സ്ഥാനത്തെയും അധികാരത്തെയുമെല്ലാം കുറിച്ചു ക്രിസ്തു നൽകിയ ഈ മുന്നറിയിപ്പ് നാം എത്രത്തോളം ഗൌരവമായി എടുത്തിട്ടുണ്ട്? വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെ മേൽ പുലർത്തുന്ന യജമാനത്വവും വിജാതീയപ്രമാണികളുടെ അധികാരപ്രയോഗവും നിങ്ങളുടെ ഇടയിൽ ഉണ്ടാകരുത് എന്ന നിർദേശത്തിൽ യാതൊരു ദുരൂഹതയും ഇല്ല. സ്ഫടികം പോലെ സുതാര്യവും വ്യക്തവുമായ വാക്കുകൾ. സഭയ്ക്ക് അതു മനസ്സിലായിട്ടുണ്ടോ? ക്രൈസ്തവമായ ഒരു ബദൽ ശൈലി ലോകത്തിനു നൽകാൻ നമുക്കു കഴിഞ്ഞിട്ടുണ്ടോ? വലിയവനാകാനും ഒന്നാമനാകാനും ഉള്ള നെട്ടോട്ടങ്ങളിൽ നാം ക്രിസ്തുവിന്റെ ലളിതമായ വാക്കുകളെ ഓർക്കാറുണ്ടോ? അവനവനു വേണ്ടി ഓടുന്നവർ എത്ര വേഗത്തിൽ ഓടിയാലും ഒന്നാമതെത്തുകയില്ല. പ്രാമാണ്യവും അധികാരപ്രമത്തതയും ആരേയും മഹാന്മാരാക്കുകയില്ല. കാരണം, ഈ ലോകത്തിന്റേതല്ല ക്രിസ്തുവിന്റെ രാജ്യം, മാനുഷികബുദ്ധിയനുസരിച്ചു യുക്തിസഹമല്ല അവന്റെ നിയമങ്ങൾ.

ഈ അടിസ്ഥാനങ്ങൾ മനസ്സിലാക്കാതെ ക്രിസ്തുവിന്റെ അനുയായികളെന്നു നടിക്കുന്നത് വ്യർഥമായിലാകും.

ഈശോ ഒരു പ്രത്യാശയുടെ സന്ദേശവും അവസാനം നൽകുന്നുണ്ട്. ആരൊക്കെ പീഡിപ്പിച്ചാലും ആരൊക്കെ വേദനിപ്പിച്ചാലും ആരൊക്കെ പരിഹസിച്ചാലും അവസാനം ഈ പ്രതിസന്ധികളെയെല്ലാം തരണം ചെയ്തുകൊണ്ട് നിത്യമായ ഒരു ഉയർപ്പുണ്ട്, വിജയമുണ്ട് എന്ന സന്ദേശം.

## ആഗ്രഹം മാത്രം പോരാ

എന്നാൽ ഒരു ക്രിസ്തുശിഷ്യൻ ആകുവാൻ ആഗ്രഹം മാത്രം പോരെന്നും അതിനു നമ്മളിൽ തന്നെ ഒരു തയ്യാറെടുപ്പ് ആവശ്യമാണെന്നുമുള്ള സന്ദേശമാണ് വിശുദ്ധ പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനം ഏഴാം അധ്യായം 14 മുതൽ 25 വരെയുള്ള വാക്യങ്ങളിലൂടെ നമ്മളെ ഓർമ്മപ്പെടുത്തുന്നത്. കാരണം നമ്മൾ ജഡിക പാപങ്ങൾക്ക് അടിമപ്പെട്ട സാധാരണ മനുഷ്യരാണ്. അതുകൊണ്ടുതന്നെ ഇച്ഛിക്കുന്ന നൻമയല്ല, ഇച്ഛിക്കാത്ത തിൻമയാണു പലപ്പോഴും നമ്മൾ പ്രവർത്തിക്കുന്നത്. മനസ്സുകൊണ്ട് ദൈവത്തിങ്കലേക്ക് തിരിയണമെന്ന് ആഗ്രഹിക്കുമ്പോഴും ശരീരം പലപ്പോഴും തിന്മയിലേക്ക് വഴുതിപ്പോകുന്നത് ഒരർത്ഥത്തിൽ ഒരു പീഡാനുഭവം തന്നെയാണ്. മരണത്തെ തോൽപ്പിച്ചു ഉയർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പാത പിന്തുടർന്നുകൊണ്ട്, അവന്റെ കരങ്ങളിൽ മുറുകെ പിടിച്ചുകൊണ്ട് പ്രതിസന്ധികളെ തരണം ചെയ്യുന്നെങ്കിൽ മാത്രമേ നമുക്കും ക്രിസ്തുശിഷ്യരായി തീരുവാൻ സാധിക്കുകയുള്ളൂ എന്ന് പൗലോസ് ശ്ലീഹ ഓർമ്മപ്പെടുത്തുന്നു.

ജീവിതത്തിൽ എത്ര വലിയ ക്ലേശങ്ങളുണ്ടായാലും, എത്ര വലിയ ശത്രുക്കളെ അഭിമുഖീകരിക്കേണ്ടി വന്നാലും ദൈവത്തോട് ചേർന്ന് നിൽക്കുന്നവർക്ക് ദൈവപരിപാലനയുടെ സംരക്ഷണമുണ്ടായിരിക്കുമെന്നും ദൈവദൂതന്മാർ മുന്നിൽ നിന്ന് അവരെ നയിക്കുമെന്നും ജോഷ്വായുടെ പുസ്തകം 5ഉം 6ഉം അധ്യായത്തിലെ വായനയിലൂടെ നമുക്ക് കാണുവാനാകുന്നു. ഇസ്രായേൽ ജനത്തെ ഭയന്ന് കോട്ട വാതിലുകൾ അടച്ചുപൂട്ടി സുരക്ഷിതരായി അകത്തിരുന്ന ശത്രുക്കളായ ജെറിക്കോ നിവാസികളെ ദൈവം ഇസ്രായേൽ ജനത്തിന്റെ കരങ്ങളിൽ ഏൽപ്പിച്ചു കൊടുക്കുന്ന കാഴ്ചയിൽ നിന്നും ദൈവപരിപാലനയുടെ കരുത്ത് നമുക്ക് മനസ്സിലാക്കുവാനാനാകും .

ഈ സന്ദർഭങ്ങളിലെല്ലാം ഒന്നു മാത്രമാണ് ദൈവം നമ്മളിൽ നിന്ന് ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതും. അവിടുത്തോട് ചേർന്ന് നിൽക്കുകയും അവിടുന്ന് പഠിപ്പിച്ച കൽപ്പനകൾ അനുസരിക്കുകയും ചെയ്യുക.

## വിശ്വസ്തനായ ദൈവം

ചുറ്റും തിന്മകൾ പെരുകുമ്പോഴും മലവെള്ളപ്പാച്ചിലുകൾ പോലെ കുറ്റകൃത്യങ്ങൾ വർധിക്കുമ്പോഴും ദൈവത്തോട് ചേർന്ന് നിൽക്കുന്നവരെ ദൈവം സംരക്ഷിക്കും എന്നുള്ളതിനുള്ള ഉത്തമ തെളിവാണ് ഉല്പത്തി പുസ്തകത്തിൽ ഏഴാം അധ്യായത്തിൽ നമ്മൾ വായിക്കുന്നത്. നോഹയെയും കുടുംബത്തെയും സംരക്ഷിക്കുന്നതിലൂടെ ദൈവം നമ്മളോട് പറയുവാൻ ആഗ്രഹിക്കുകയാണ്, എന്നോട് ചേർന്ന് നിൽക്കുന്നവരുടെ ജീവനും സ്വത്തുക്കളും ഒരിക്കലും നഷ്ടപ്പെടുവാൻ ഞാൻ അനുവദിക്കുകയില്ലായെന്ന്.

പിതാവായ ദൈവത്തെ സ്നേഹിക്കുകയും അവന്റെ കൽപ്പനകൾ അനുസരിക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ ക്രിസ്തുശിഷ്യനാകുവാൻ യോഗ്യതയുള്ളവൻ എന്ന് ഇന്നത്തെ തിരുവചനങ്ങളിലൂടെ ഈശോ നമ്മളെ ഓർമ്മപ്പെടുത്തുന്നു. അപ്രകാരം പ്രവർത്തിക്കുന്നവന്റെ ജീവിതത്തിലുണ്ടാകുന്ന എല്ലാ പ്രതിസന്ധികളെയും അവനു തരണം ചെയ്യുവാൻ സാധിക്കുമെന്നും അവന്റെ ജീവനോ സ്വത്തിനോ യാതൊരുവിധ ശോഷണവും സംഭവിക്കില്ലായെന്നും നിത്യതയിൽ അവൻ ദൈവത്തോടൊപ്പം ആയിരിക്കുമെന്നും ദൈവം നമുക്ക് വാഗ്ദാനം നൽകുന്നു.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com